**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 359** **22-02-2022 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരെ കണ്ടെത്താനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള എന്യൂമറേഷൻ ഘട്ടംവരെ പൂർത്തിയായിട്ടുണ്ട്. ഗ്രാമസഭ അംഗീകാരം 90 % പൂർത്തിയായിട്ടുണ്ട്. ഫെബ്രുവരി അവസാന വാരത്തോടെ സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്താനുള്ള അന്തിമ മുൻഗണന പട്ടിക (ഗ്രാമസഭ/വാർഡ് സഭ അംഗീകരിക്കുന്ന മുറയ്ക്ക് ) പൂർത്തിയാകും. |
| (ബി) | നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് അതിദരിദ്രരെ കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സ.ഉ.(കൈ)നം. 145/2021/തസ്വഭവ തീയതി 16/07/2021 പ്രകാരം അതിദരിദ്രരെ കണ്ടെത്തൽ - മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായി. അതിദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. മേൽ ഘടകങ്ങളെ ഉപഘടകങ്ങളായും തുടർന്ന് അതിതീവ്രക്ലേശ ഘടകങ്ങൾ, തീവ്രക്ലേശ ഘടകങ്ങൾ എന്ന് രണ്ടായും തരം തിരിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാനദണ്ഡം/സൂചകങ്ങൾ നിശ്ചയിച്ച് അതിദാരിദ്ര്യ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള പരിശീലന പ്രക്രിയകൾ വാർഡ്/ഡിവിഷൻ തലത്തിൽ നടത്തി വാർഡ് തല അതിദരിദ്ര കുടുംബങ്ങൾ അടങ്ങിയ പട്ടിക എന്യൂമറേഷൻ ടീം കണ്ടെത്തുകയും മേൽ പട്ടിക നോഡൽ ഓഫീസർ സ്ഥിരീകരിച്ച ശേഷം എം.ഐ.എസ്. പോർട്ടലിൽ അപ് ലോഡ് ചെയ്യുന്ന പ്രക്രിയ പൂർത്തീകരിച്ചു. വികസനത്തിൽ പിന്നാക്കമായ പട്ടികവർഗ്ഗ/പട്ടികജാതി, തീരദേശവാസികൾക്കും, നഗരദരിദ്രർ എന്നിവർക്ക് പ്രത്യേക പരിഗണന നല്കി ഇവരുടെ ജീവിത സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ള അതിദാരിദ്ര്യത്തിന് കാരണമായ ഘടകങ്ങളെ കൂടി പരിഗണിച്ചാണ് അതിദാരിദ്ര്യ കുടുംബങ്ങളെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രക്രിയ നടത്തിയിട്ടുള്ളത്. വാർഡ് തല/ ഡിവിഷൻ തല പരിശോധന പൂർത്തിയാക്കിയതിനുശേഷം സൂപ്പർ ചെക്കിംഗിനു വിധേയമാക്കി അന്തിമ മുൻഗണനാ പട്ടിക തയ്യാറാക്കി. മേൽ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനതല സമിതി അംഗീകരിച്ച ശേഷം വാർഡ്/ ഡിവിഷൻ തല ഗ്രാമസഭകളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു. |
| (സി) | ഇക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ ആരെയാണ് സമീപിക്കേണ്ടത്; | (സി) | കരട് പട്ടികയിൽ മേൽ പരാതി ഉള്ള പക്ഷം ഗ്രാമസഭ /വാർഡ് സഭ ചേരുന്ന അവസരത്തിൽ ലഭിച്ച പരാതികൾ ചർച്ചചെയ്തു കഴിയാവുന്നത്ര പരാതികൾക്ക് ഗ്രാമസഭ/വാർഡ് സഭയിൽ തന്നെ പരിഹാരം കണ്ടെത്താൻ കഴിയും. പരിഹരിക്കപ്പെടാത്ത പരാതികൾ വാർഡ് / ഗ്രാമസഭയുടെ ശുപാർശ സഹിതം തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉപ സമിതി പരിശോധിച്ച് തീർപ്പാക്കുന്നതും പരിഹരിക്കാൻ കഴിയാത്ത പരാതികൾ സൂപ്പർ ചെക്കിങ് സംഘത്തിന് കൈമാറാവുന്നതും സൂപ്പർ ചെക്കിങ് സംഘം എടുക്കുന്ന തീരുമാനത്തിൽ പരാതിയുണ്ടെങ്കിൽ ജില്ലാതലത്തിലും അതിനുശേഷം സംസ്ഥാനതലത്തിലുള്ള സമിതികൾക്ക് സമർപ്പിക്കാവുന്നതുമാണ്. |
| (ഡി) | വാമനപുരം മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ കണ്ടെത്തിയ അതിദരിദ്രരുടെ എണ്ണം വ്യക്തമാക്കാമോ? | (ഡി) | പെരിങ്ങമ്മല - 225 വാമനപുരം - 54 നന്ദിയോട് - 83 പാങ്ങോട് - 97 നെല്ലനാട് - 71 പുല്ലമ്പാറ - 64 പനവൂർ - 61 കല്ലറ - 113 ആകെ = 768 പേർ |

സെക്ഷൻ ഓഫീസർ